# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W 6-11876/16

തീയതി - 5/11/2021

**സർക്കുലർ നമ്പർ - 30/ 2020-21**

വിഷയം :- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (അൺ അറ്റാച്ച്ഡ്, സ്കാറ്റേർഡ്, അറ്റാച്ച്ഡ്) - ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. 7/10/2021 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O.(P) No.1/2021/PIE&MD.

2. 22/10/2021 തീയതിയിലെ 525-മത്തെ ബോർഡ് തീരുമാനം നമ്പർ 19.

വിവിധ ആനുകൂല്യങ്ങൾക്ക് പലവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കുവാനും ആനുകൂല്യം ലഭ്യമാക്കുവാനുമുള്ള പ്രക്രിയ ലഘൂകരിക്കുന്നതിനുമായി സൂചന (1) പ്രകാരം 7/10/2021 തീയതിയിലെ G.O.(P) No.1/2021/PIE&MD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും, സൂചന (2) പ്രകാരം ആയതിന് ബോർഡ് അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും പ്രസ്തുത ഉത്തരവ് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ (അൺ അറ്റാച്ച്ഡ്, സ്കാറ്റേർഡ്, അറ്റാച്ച്ഡ്) നൽകി വരുന്ന ആനുകൂല്യങ്ങൾക്കും ബാധകമാക്കി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകൾ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

(2) സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് രേഖപ്പെടുത്താത്ത സർട്ടിഫിക്കറ്റ് ആയത് ആവശ്യമായ എല്ലാ ആനുകൂല്യ വിതരണത്തിനും ഉപയോഗിക്കാവുന്നതാണ്.

(3) വിവിധ പേരുകളുള്ള രേഖകൾ, വിവിധ അഡ്രസ്സുകളുള്ള രേഖ എന്നിവ ഒരാളുടേത് തന്നെയെന്ന് സ്ഥാപിക്കുന്നതിനുള്ള **One and the same certificate**-നു പകരം വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകും.

(4) റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നീ രേഖകളിലേതിലെങ്കിലും ബന്ധുത്വം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വില്ലേജ് ഓഫീസറോ തഹസിൽദാരോ നൽകുന്ന ബന്ധുത്വ സർട്ടിഫിക്കറ്റ് (Relationship Certificate) ഒഴിവാക്കാവുന്നതാണ്.

(5) പെൻഷൻകാർ സമർപ്പിക്കേണ്ടതായ ലൈഫ് സർട്ടിഫിക്കറ്റിനു പകരം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള "ജീവൻ പ്രമാൺ " എന്ന ബയോമെട്രിക് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കേണ്ടതാണ്. ഈ സംവിധാനം കേരള ട്രഷറിയിലും ബാങ്കുകളിലും ലഭ്യമാണ്.

(6) അപേക്ഷകന്റെ റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെയെല്ലാം പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ റേഷൻ കാർഡ് തന്നെ കുടുംബാംഗത്വ സർട്ടിഫിക്കറ്റിന് പകരമായി സ്വീകരിക്കാവുന്നതാണ്. അല്ലാത്ത പക്ഷം വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് നിഷ്കർഷിക്കാവുന്നതാണ്.

(7) വായ്പയും മറ്റ് ആവശ്യങ്ങൾക്കും വില്ലേജ് ഓഫീസർ നൽകി വരുന്ന ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഓരോ വില്ലേജിലും ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമില്ലാതായിത്തീരുന്നതാണ്.

(8) നിലവിൽ വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് പകരമായി കേരളത്തിൽ ജനിച്ചിട്ടുള്ള ആളുകൾക്ക് ജനന സർട്ടിഫിക്കറ്റോ, 5 വർഷം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചതിന്റെ രേഖയോ, കൂടാതെ സത്യപ്രസ്താവനയും ഉണ്ടെങ്കിൽ നേറ്റീവ് ആയി പരിഗണിക്കാം. കേരളത്തിന് പുറത്ത് ജനിച്ചിട്ടുള്ള ആളുകൾക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നു.

(9) ആധാർ കാർഡോ, ഏറ്റവും പുതിയ ഇലക്ട്രിസിറ്റി ബിൽ, കുടിവെള്ള ബിൽ, ടെലിഫോൺ ബിൽ, കെട്ടിട നികുതി രസീത് എന്നിവയിലേതെങ്കിലും ഹാജരാക്കിയാൽ റസിഡൻസ് സർട്ടിഫിക്കറ്റിന് പകരമായി സ്വീകരിക്കാം. മേൽ രേഖകൾ ഇല്ലാത്തവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നു.

കമ്മിറ്റിയുടെ പൊതു സാമ്പത്തിക ഭരണം കാര്യക്ഷമമാക്കുന്നതിന് മേൽ നിർദ്ദേശങ്ങൾ വീഴ്ച കൂടാതെ ബന്ധപ്പെട്ട ഓരോരുത്തരും പാലിക്കേണ്ടതാണ്.

ഈ അറിയിപ്പ് ലഭിച്ച വിവരം മടക്ക തപാലിൽ റിപ്പോർട്ട് ചെയ്യേണ്ടതും ക്ലാർക്ക് തലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും, കമ്മിറ്റി/സബ് ഓഫീസ് അംഗങ്ങളുടെയും, തൊഴിലാളികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്

1. ഫിനാൻസ് ഓഫീസർ/സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർമാർക്കും/ ജൂനിയർ സൂപ്രണ്ടുമാർക്കും,
3. സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്